# THE PLANTATION CORPORATION OF KERALA LTD

(An ISO 9001:2015 Certified Company under Government of Kerala)
**Registered Office: KOTTAYAM-686 004**
CIN:U01119KL1962SGC001997

0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com


GSTIN No: 32AAACT7596H2Z2

PRO/F201/OP/122 12.04.2023

## റീ-ടെണ്ടർ നോട്ടീസ്

## ഓയിൽ പാം റീപ്ലാന്റിംഗ്- ഇ-ടെൻഡർ/സീൽഡ് ടെൻഡർ

പ്ലാന്റേഷൻ കോർപ്പറേഷന്റെ ഓയിൽ പാം എസ്റ്റേറ്റ്- ഡിവിഷൻ എ-നഴ്സറിയിൽ നിന്നും ഡിവിഷൻ D 2023 പ്ലാന്റിംഗ് ഏരിയയിൽ ഏകദേശം 8600 എണ്ണപ്പന തൈകൾ പ്ലാന്റിംഗ് സ്ഥലത്ത് എത്തിച്ചു തരുകയും തൈകളുടെ പ്ലാസ്റ്റിക് കൂട് മാറ്റി കോർപ്പറേഷനിൽ നിന്നും നൽകുന്ന welded മെഷ് പൊതിഞ്ഞ് നിലവിൽ കുഴിച്ച് മൂടിയിട്ടിരിക്കുന്ന കുഴികളിൽ (80 X 80 X 80 cm നീളം, വീതി, ആഴം) നട്ടു തരുകയും ചെയ്യുന്നതിന് താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി മത്സരാടിസ്ഥാനത്തിലുള്ള ഇ-ടെൻഡർ/സീൽഡ് ടെൻഡർ ക്ഷണിച്ചുകൊള്ളുന്നു.

### നിബന്ധനകൾ

1. ഓയിൽ പാം എസ്റ്റേറ്റിലെ ഡിവിഷൻ A നഴ്സറിയിൽ നിന്നും ഏകദേശം 8600 എണ്ണപ്പന തൈകൾ ഡിവിഷൻ D പ്ലാന്റിങ് ഏരിയയിൽ 60.40 ha. സ്ഥലത്ത് എത്തിച്ചു തരികയും, എണ്ണപ്പന തൈകളുടെ പ്ലാസ്റ്റിക് കൂട് മാറ്റി കോർപ്പറേഷനിൽ നിന്നും നൽകുന്ന welded മെഷ് പൊതിഞ്ഞ് നിലവിൽ കുഴിച്ച് മൂടിയിട്ടിരിക്കുന്ന കുഴികളിൽ നട്ടു തരുകയും ചെയ്യുന്നതിന് തൈ ഒന്നിന് നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെണ്ടറിൽ കാണിക്കേണ്ടത്.
2. തൈകളുടെ ട്രാൻസ്പോട്ടിംഗ് സമയത്തോ, കയറ്റി ഇറക്കുന്ന അവസരത്തിലോ കൂടയിലെ മണ്ണ് പൊടിയാനോ, യാതൊരുവിധ കേടുപാടുകൾ ഉണ്ടാകുവാനോ പാടുള്ളതല്ല.. അപ്രകാരം കേടുപാടുകൾ വന്ന് നശിക്കുന്ന തൈകൾക്ക് ഒരു തൈക്ക് 250 രൂപ വീതം പിഴ ഈടാക്കുന്നതാണ്.
3. ഇപ്രകാരം കുഴികളുടെ അടുത്ത് തൈകൾ ഇറക്കി, കൂട തൈകളുടെ കൂടകൾ പൊളിച്ചു കളഞ്ഞ് ഓയിൽ പാം പ്ലാന്റിംഗിൽ നിഷ്കർഷിക്കും പ്രകാരം കോർപ്പറേഷൻ നൽകുന്ന welded മെഷ് കവചമായി ചുറ്റേണ്ടതാണ്.
4. ഇപ്രകാരം welded മെഷ് കവചം ചുറ്റിയതിനുശേഷം മാത്രം എണ്ണപ്പന തൈകൾ ഡിവിഷനിലെ ഉദ്യോഗസ്ഥർ നിർദേശിക്കുന്ന കുഴികളിൽ ഡിവിഷനിലെ ഉദ്യോഗസ്ഥർ നിർദേശിക്കുന്ന പ്രകാരം കുഴിച്ചുവെയ്ക്കേണ്ടതാണ്.

5. ഇപ്രകാരം കുഴിച്ചു വെയ്ക്കുമ്പോൾ welded മെഷ് കവചം ചുറ്റിയ ഭാഗം ഉൾപ്പെടെയുള്ള ഭാഗം പൂർണ്ണമായും മണ്ണിൽ താഴ്ന്നിരിക്കേണ്ടതും, എന്നാൽ ഉപരിതലത്തിൽ നിന്നും കൂടുതൽ താഴാത്ത വിധത്തിൽ ശ്രദ്ധിക്കേണ്ടതുമാണ്.
6. ഡിവിഷൻ D-യിൽ ഏകദേശം 8600 എണ്ണപ്പന തൈകളാണ് മേൽപ്പറഞ്ഞ രീതിയിൽ നട്ടുതരേണ്ടത്.
7. ടെണ്ടർ സമർപ്പിക്കുന്നതിനുമുൻപായി കരാർ പ്രകാരമുള്ള നിശ്ചിത പ്രവർത്തികൾ ചെയ്യേണ്ട സ്ഥലം കണ്ട് ചെയ്യേണ്ട ജോലി, ഭൂമിയുടെ നിൽപ്പ്, അവസ്ഥ എന്നിവ മനസിലാക്കിയിരിക്കേണ്ടതാണ്.
8. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സാധാരണ ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്. ഇ-ദർഘാസും, ദർഘാസും സമർപ്പിക്കേണ്ട അവസാന തീയതി 25.04.2023-ന് 10.30 AM വരെയാണ്. തുടർന്ന് അന്നേദിവസം 11.00 AM-ന് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച ദർഘാസ്സുകൾ ഓയിൽപാം എസ്റ്റേറ്റ് ഓഫീസിൽവെച്ച് തുറക്കുന്നതാണ്. ഇ-ദർഘാസ്സുകൾ പിസികെ ഹെഡോഫീസിൽവെച്ച് തുറക്കുന്നതുമാണ്. തുടർന്ന് രണ്ടു ദർഘാസിലും കൂടി ലഭിച്ച ഏറ്റവും കുറഞ്ഞ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്. ഇ-ദർഘാസ്സ് തുറക്കുന്ന തീയതി 26.04.2023-ന് 11.00 AM ആണ്. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക. ഇ-ടെണ്ടർ അല്ലാതെ സാധാരണ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 105-രൂപ ഫീസടച്ച്, ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, ഓയിൽ പാം എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ തുറക്കുന്നതിന്റെ തലേദിവസം വൈകിട്ട് നാലുമണിക്ക് മുൻപായി വാങ്ങേണ്ടതാണ്. ഇ-ടെണ്ടർ/ സാധാരണ ടെണ്ടർ മുഖാന്തിരം പങ്കെടുക്കുന്നവർ ടെണ്ടർ നിരതദ്രവ്യമായി 5,000 രൂപ ഡിമാൻഡ് ഡ്രാഫ്റ്റ് ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്. ദർഘാസ്സ് നമ്പർ, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറുകൾ ദർഘാസ് വ്യവസ്ഥകളിൽ ഒപ്പ് രേഖപ്പെടുത്തി, തിരിച്ചറിയൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പികളും, ടെണ്ടർ നിരതദ്രവ്യം അടച്ച D.D.-യും സഹിതം ടെൻഡർ തുറക്കുന്ന ദിവസം 10.30 AM-ന് മുൻപായി ഓയിൽ പാം എസ്റ്റേറ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഓയിൽപാം എസ്റ്റേറ്റ് (0480-2769091, 9496076047), കോട്ടയം ഹെഡ് ഓഫീസ് (0481-2578301-04, 9496076004) എന്നിവിടങ്ങളിൽ നിന്നും അറിയാവുന്നതാണ്.
9. ടെണ്ടർ ഉറപ്പിച്ചു കിട്ടുന്നയാൾ അംഗീകാര അറിയിപ്പ് ലഭിച്ച് 3 ദിവസ ത്തിനകം മൊത്തം തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവയ്ക്കേണ്ടതും, 200/- രൂപയുടെ കേരള സർക്കാർ മുദ്രപത്ര ത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്.
10. ആവശ്യാനുസരണം മെഷീനുകൾ സ്വന്തം ചിലവിൽ കൊണ്ടുവരേണ്ടതും അവ ഉപയോഗിച്ച് നിർദ്ദിഷ്ട ജോലി എഗ്രിമെന്റ് തിയതി മുതൽ 30 ദിവ സങ്ങൾക്കകം ജോലി പൂർത്തീകരിക്കേണ്ടതാണ് നിശ്ചിത സമയപരിധിക്കുള്ളിൽ ജോലികൾ പൂർത്തീകരിക്കാത്ത പക്ഷം ടെണ്ടർ

തുകയുടെ 1% പിഴ ഈടാക്കി ജോലികൾ പൂർത്തിയാക്കുന്നതിനായി 10 ദിവസം അനുവദിക്കാവുന്നതാണ്. തുടർന്ന് ഈ കാലാവധിയിലും ജോലി തീർക്കാതിരിക്കുകയോ കരാർ ജോലി പൂർത്തീകരിക്കാതെ ഉപേക്ഷിക്കുകയോ, ജോലി തൃപ്തികരമായി പുരോഗമിക്കാതിരിക്കുകയോ ചെയ്താൽ ടി കരാർ റദ്ദുചെയ്യുന്നതും, കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും ടിയാൻ അടച്ചിട്ടുള്ള എല്ലാ സംഖ്യകളും, കണ്ടുകെട്ടി കോർപ്പറേഷൻ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. കൂടാതെ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽപുനർക്രമീകരണം നടത്തി ടി-പ്രവർത്തികൾ പൂർത്തിയാക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്. അപ്രകാരം പുനർക്രമീമരണം നടത്തുന്നതുമൂലം ഉണ്ടാകാവുന്നതായ സകലവിധ ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കിയെടുക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

11. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്ന തിനുമുള്ള അധികാരം കോർപ്പറേഷൻ മാനേജ്മെന്റിൽ നിക്ഷിപ്തമായിരിക്കും.
12. കരാർ ജോലിക്കാവശ്യമായ പണിക്കാരേയും, പണിയായുധങ്ങളും കരാറുകാരൻ സ്വന്തം ചിലവിൽ ഏർപ്പാടാക്കേണ്ടതും, അവരുടെ സേവന വേതന വ്യവസ്ഥകളിൽ കോർപ്പറേഷന് യാതൊരു വിധ ബാദ്ധ്യതയും ഇല്ലാത്തതുമാകുന്നു.
13. ടെണ്ടർ പ്രകാരം കരാറുകാരന് ലഭിക്കുന്ന അവകാശം യാതൊരു കാരണ വശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
14. കരാർ കാലയളവിൽ എസ്റ്റേറ്റിനുള്ളിലോ, സമീപ പ്രദേശങ്ങളിലോ കരാറു കാരനോ, കരാറുകാരന്റെ തൊഴിലാളികളോ വന്യ മൃഗങ്ങളെ വേട്ടയാടുകയോ, ആയതിന് സഹായിക്കുകയോ മറ്റെന്തെങ്കിലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയോ ആയതിന് സഹായിക്കുകയോ ചെയ്യാൻ പാടില്ല. ഇതിന് വിപരീതമായി പ്രവർത്തിച്ചാൽ ആയതിന്റെ പരിപൂർണ ഉത്തരവാദിത്വം കരാറുകാരനിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതുമാണ്. കൂടാതെ കരാർ റദ്ദുചെയ്യുന്നതും, കരാറുകാരൻ അടച്ച മുഴുവൻ തുകയും കോർപ്പറേഷനിലേക്ക് കണ്ടു കെട്ടുന്നതുമായിരിക്കും. ഇപ്രകാരം കരാർറദ്ദുചെയ്യുന്നതാകയാൽ ഇതുസംബന്ധമായി യാതൊരു തുകയും ലഭിക്കുന്നതിന് കരാറുകാരന് അർഹതയോ, അവകാശമോ ഇല്ലാത്തതുമാകുന്നു.
15. കരാറുകാരനിൽ നിന്നോ, ജോലിക്കാരിൽ നിന്നോ കോർപ്പറേഷനോ, കോർപ്പറേഷന്റെ മുതലുകൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ കോർപ്പറേഷൻ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം ഉടനടി കരാറുകാരൻ അടയ്ക്കേണ്ടതാണ്.
16. കരാറുകാരന്റെ തൊഴിലാളികളുടെ വേതനം, പ്രോവിഡന്റ് ഫണ്ട് വിഹിതം എന്നീ കാര്യങ്ങളിൽ കോർപ്പറേഷന് യാതൊരു വിധ ഉത്തരവാദിത്തങ്ങളും ഇല്ല. ടിയാന്റെ തൊഴിലാളികളുടെ വേതനം നൽകേണ്ടതും,അതാതുമാസം നിശ്ചിത പ്രൊവിഡന്റ് ഫണ്ട് അടച്ചതുമായി രേഖകൾ സൂക്ഷിക്കേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്വമാണ്. ഇത് സംബന്ധിച്ച് കോർപ്പറേഷന് എന്തെങ്കിലും ബാധ്യതകൾ ഉണ്ടാകുന്ന പക്ഷം നിശ്ചിത തുക 18% പലിശയും,

സകല ചെലവുകളും സഹിതം കരാരുകാരനിൽനിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതു മാണ്.

17. എപ്പോൾ വേണമെങ്കിലും യാതൊരു കാരണവും കാണിക്കാതെ ടെണ്ടർ വിജ്ഞാപനം റദ്ദു ചെയ്യുന്നതിനോ, തുടർ നടപടികൾ നിറുത്തിവെയ്ക്കുന്ന തിനോ, മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതും ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
18. മേൽപറഞ്ഞ ഏതെങ്കിലും സാഹചര്യത്തിൽ ടെണ്ടർ റദ്ദു ചെയ്യുകയോ, മാറ്റി വയ്ക്കുകയോ, വർക്ക് നിറുത്തിവയ്ക്കുകയോ ചെയ്യുന്നതാകയാൽ ആയതിന് യാതൊരു വിധ നഷ്ടപരിഹാരത്തിനും കാരാറുകാരൻ അർഹതയോ, അവകാശമോ ഉണ്ടായിരിക്കുന്നതല്ല.
19. കരാറുകാരൻ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ കരാറിൽ നിന്നും പിൻമാറുകയോ യഥാസമയം ജോലികൾ പൂർത്തിയാക്കാതിരിക്കുകയയോ ചെയ്താൽ കരാർ റദ്ദാക്കി സെക്യൂരിറ്റി തുക കണ്ടു കെട്ടുന്നതും, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റേതെങ്കിലും മാർഗേന ടി കരാർ പ്രകാരമുള്ള ജോലികൾ കോർപ്പറേഷൻ പൂർത്തിയാക്കുന്നതും അതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന നഷ്ടവും മറ്റ് ചിലവുകളും കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടാ യിരിക്കുന്നതുമാണ്.
20. കരാറുകാരൻ ഡിവിഷൻ അധികാരിയുടെ നിർദ്ദേശാനുസരണം മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളൂ. അതുപ്രകാരം ജോലികൾ തൃപ്തികരമായി ചെയ്തു തീർക്കാത്തപക്ഷം പ്രത്യേകമായ ഒരറിയിപ്പും നല്കാതെ കരാർ റദ്ദുചെയ്യുന്നതിനാവശ്യമായ നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുന്നതു മായിരിക്കും. ഇതു മൂലം കോർപ്പറേഷന് ഉണ്ടാകാവുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.
21. നിയമാനുസൃത നികുതികൾ അടയ്ക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥ നാണ്.
22. പ്ലാന്റേഷൻ കോർപ്പറേഷന്റെ തൊഴിലാളികളോ, മറ്റു ജീവനക്കാരോ, കോർപ്പറേഷൻ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവരോ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.
23. കോർപ്പറേഷന്റെ നിലവിലുള്ള എല്ലാ ടെണ്ടർ വ്യവസ്ഥകളും ഈ ടെണ്ടറിനും ബാധകമായിരിക്കും.
24. ജോലിക്കിടയിലോ അല്ലാതെയോ കരാറുകാരനോ, കരാറുകാരന്റെ തൊഴിലാളികൾക്കോ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്ര മായിരിക്കും ഉത്തരവാദി. കോർപ്പറേഷനിൽ നിന്നും യാതൊരു നഷ്ടപ രിഹാരവും ലഭിക്കുന്നതല്ല.
25. ഡിവിഷൻ അധികാരിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 50% ജോലിയെങ്കിലും പൂർത്തീകരിച്ചതിനുശേഷം ചെയ്തു തീർത്ത ജോലി യുടെ 75% തുക പാർട്ട് പേയ്മെന്റായി ഒരിക്കൽ മാത്രം നൽകുന്നതാണ് കരാർ തുക അക്കൗണ്ട് പേയി ചെക്കായി മാത്രമേ നൽകുകയുള്ളൂ.
26. കരാർ ജോലി തൃപ്തികരമായി പൂർത്തിയാക്കി ഡിവിഷൻ അധികാരി യിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ നൽകുന്നതാണ്.
27. കരാർ ജോലി തൃപ്തികരമായി പൂർത്തിയാക്കി ഡിവിഷൻ അധികാരി യിൽ നിന്നും ലഭിക്കുന്ന ബാധ്യതാ രഹിത സർട്ടിഫിക്കറ്റിന്റെ അടി

സ്ഥാനത്തിൽ സെക്യൂരിട്ടി ഡിപ്പോസിറ്റ് പലിശ രഹിതമായി തിരികെ നൽകുന്നതാണ്.

28. കരാർ വ്യവസ്ഥകൾ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ, തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിംഗ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതാണ്.
29. സർക്കാർ ടെണ്ടറുകൾക്ക് ബാധകമായ എല്ലാ പൊതു വ്യവസ്ഥകളും, നിയമങ്ങളും ഈ ടെണ്ടറിനും ബാധകമായിരിക്കുന്നതുമാണ്.

Sd/-
മാനേജിംഗ് ഡയറക്ടർ

**പ്രഖ്യാപനം: ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ച് മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

a. ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് വീട്ടുപേര്, കര, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) :

b. ടിയാന്റെ വയസ്സ് :

c. ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ :

d മൊബൈൽ നമ്പർ :

e. അച്ഛന്റെ പേര് :

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും :

സ്ഥലം :

തീയതി :